**നടപടിത്തീർപ്പ്**

ജീവനക്കാര്യം – ഭാരതീയ ചികിത്സാ വകുപ്പ് – യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭാരതീയ ചികിത്സാ വകുപ്പ് മേധാവിയുടെ കാര്യാലയം**

ഇ3–13001/2011 തിരുവനന്തപുരം, തീയതി, 06–01–2012

പരാമർശം:– 1. ഈ ഓഫീസിലെ 21–10–2010 ലെ ഇ3–15697/10–ാം നമ്പർ നടപടിത്തീർപ്പ്
2. ഈ ഓഫീസിലെ 24–5–2011 ലെ ഇ3–7596/11–ാം നമ്പർ നടപടിത്തീർപ്പ്
3. ഈ ഓഫീസിലെ 21–7–2011 ലെ ഇ3–12037 (1)/11–ാം നമ്പർ നടപടിത്തീർപ്പ്

എറണാകുളം ജില്ലാ മെഡിക്കലാഫീസിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ.ജോണി വി ഐസക്ക്, കൊല്ലം ജില്ലാ മെഡിക്കലാഫീസിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീമതി ബി.സുശീലാദേവി, ഡയറക്ടറേറ്റിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ.ജി.എസ്.അരവിന്ദബാബു എന്നിവർ 31–3–2011 ൽ വിരമിച്ചതിലൂടെയും മേൽ രണ്ടും മൂന്നും പരാമർശപ്രകാരം യു.ഡി.ക്ലാർക്കുമാർ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെയും നിലവിൽ ഈ വകുപ്പിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ 10 ഒഴിവുകൾ നിലനിൽക്കുന്നു. നിലവിലെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം യു.ഡി.ക്ലാർക്ക് തസ്തികയിലേയക്ക് ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ യോഗ്യത പരീക്ഷ ജയിച്ചിട്ടുള്ള/50 വയസ്സ് പൂർത്തിയായ താഴെ പറയുന്ന എൽ.ഡി.ക്ലാർക്കുമാരെ കെ.എസ്. ആന്റ് എസ്.എസ്.ആർ.പൊതുചട്ടം 31 (എ) പ്രകാരവും, ഗ്രഡേഷൻ ലിസ്റ്റിന് വിധേയമായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210–22360/– രൂപ ശമ്പള സ്കെയിലിൽ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് ചുവടെ പറയും പ്രകാരം പ്രാബല്യത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

**ഉത്തരവ്**

1. എറണാകുളം ജില്ലാ മെഡിക്കലാഫീസിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ.ജോണി വി ഐസക്ക്, 31–3–2011 ൽ വിരമിച്ചതിനെ തുടർന്ന് 1–4–2011 ന് ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ മലപ്പുറം ജില്ലാ മെഡിക്കലാഫീസിലെ എൽ.ഡി.ക്ലാർക്ക് ശ്രീമതി ബേബി ശശികലയെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 1–4–2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210–22360/– രൂപ ശമ്പസസ്കെയിലിൽ മലപ്പുറം ജില്ലാ മെഡിക്കലാഫീസിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു.
2. കൊല്ലം ജില്ലാ മെഡിക്കലാഫീസിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീമതി ബി.സുശീലദേവി 31–3–2011 ൽ വിരമിച്ചതിനെ തുടർന്ന് 1–4–2011 ന് ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക് അടുത്ത സീനിയറും 25–7–2011 ന് 50 വയസ്സ് പൂർത്തിയായിട്ടുള്ള ഈ ഓഫീസിലെ എൽ.ഡി. ക്ലാർക്ക് ശ്രീമതി ടി.എസ്.സരോജാ ദേവിയെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 25–7–2011 മുതൽ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി 13210–22360/– രൂപ ശമ്പളസ്കെയിലിൽ ഈ ഓഫീസിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നു.
3. ഈ ഓഫീസിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ.ജി.എസ്.അർവിന്ദ ബാബു, 31–3–2011 ൽ വിരമിച്ചതിനെ തുടർന്ന് 1–4–2011 ന് ഉണ്ടായ യു.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ ഇടുക്കി ജില്ലാ ആയൂർവേദ ആശുപത്രി,

തൊടുപുഴയിലെ എൽ.ഡി.ക്ലാർക്ക് ശ്രീ.ബിജുജോർജ്ജിനെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 1-4-2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210-22360/- രൂപ ശമ്പളസ്കെയിലിൽ തൊടുപ്പുഴ ജില്ലാ ആയൂർവേദ ആശുപത്രിയിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നു.

4. മേൽ രണ്ടാം പരാമർശ പ്രകാരം ഈ ഓഫീസിലെ യു.ഡി.ക്ലാർക്ക് ശ്രീമതി ആർ.സരോജാദേവിയെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയി ലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി.ക്ലാർക്ക് തസ്തികയിലെയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ കല്ലാർ ആയൂർവേദ ആശുപത്രിയിലെ എൽ.ഡി.ക്ലാർക്ക് ശ്രീ.ശിവൻ സി.യെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 25-5-2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210-22360/- രൂപ ശമ്പളസ്കെയിലിൽ കല്ലാർ ആയൂർവേദ ആശുപത്രിയിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നു.

5. മേൽ മൂന്നാം പരാമർശ പ്രകാരം ഗവ. ആയൂർവേദ മെന്റൽ ആശുപത്രി, കോട്ടക്കലിലെ യു.ഡി.ക്ലാർക്ക് ശ്രീമതി പി.ലീലാമണിയെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ ആലപ്പുഴ ജില്ലാ മെഡിക്കലാഫീസിലെ എൽ.ഡി. ക്ലാർക്കും, ഇപ്പോൾ പുനർ വിന്യാസം വഴി പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നതുമായ ശ്രീമതി. ആർ.അഞ്ജലിയെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-07-2011 മുതൽ പ്രാബല്യത്തിൽ 13210-22360/- രൂപ ശമ്പളസ്കെയിലിൽ തൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നു.

6. മേൽ മൂന്നാം പരാമർശ പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ യു.ഡി.ക്ലാർക്ക് ശ്രീ.എം.രാജ്കുമാറിനെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ കാസർകോട് ജില്ലാ മെഡിക്കലാഫീസിലെ എൽ.ഡി.ക്ലാർക്ക് ശ്രീ.രാജീവൻ.സി.യെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-7-2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210-22360/- രൂപ ശമ്പളസ്കെയിലിൽ കാസർകോട് ജില്ലാ മെഡിക്കലാഫീസിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു.

7. മേൽ മൂന്നാം പരാമർശ പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കലാഫീസിലെ യു.ഡി.ക്ലാർക്ക് ശ്രീമതി ഇ. പി. ഓമനയെ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു. ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക് ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ കോഴിക്കോട് ജില്ലാ മെഡിക്കലാഫീസിലെഎൽ.ഡി.ക്ലാർക്ക് ശ്രീമതി അനിത എം.നെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-7-2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210-22360/- രൂപ ശമ്പളസ്കെയിലിൽ കോഴിക്കോട് ജില്ലാ മെഡിക്കലാഫീസിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു.

8. മേൽ മൂന്നാം പരാമർശ പ്രകാരം ഈ ഓഫീസിലെ യു.ഡി.ക്ലാർക്ക് ശ്രീ എൻ.പത്മകുമാറിനെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയി ലെ ഒഴിവിലേയ്ക്ക് ടി ഒഴിവ് ഉണ്ടാകുന്ന

സമയത്ത് യു. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ എൽ. ഡി.ക്ലാർക്ക് ശ്രീമതി ബിന്ദു വി. യെ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-7-2011 മുതൽ പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി 13210-22360/- രൂപ ശമ്പളസ്കെയിലിൽ കണ്ണൂർ ജില്ലാ മെഡിക്കലാഫീസിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു.

9. മേൽ മൂന്നാം പരാമർശ പ്രകാരം കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ യു.ഡി.ക്ലാർക്ക് അബ്ദുൽ ഷുക്കൂറിനെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.. ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ തൃശ്ശൂർ ജില്ലാ മെഡിക്കലാഫീസിലെ എൽ.ഡി.ക്ലാർക്കും പുനർവിന്യാസം വഴി വെങ്കിടങ്ങ് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ. വിനോഷ് എം. സി യെ യു. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-7-2011 മുതൽ പ്രാബല്യത്തിൽ 13210-22360/- രൂപ ശമ്പളസ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നു.

10. മേൽ മൂന്നാം പരാമർശ പ്രകാരം കൊല്ലം ജില്ലയിലെ പരവൂർ ഗവ. ആയുർവേദ ആശുപത്രിയിലെ യു.ഡി.ക്ലാർക്ക് ശ്രീ.എം.ജി.റോയിയെ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ യു.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക്, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ പരീക്ഷ വിജയിച്ചിട്ടുള്ള സീനിയറായ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ എൽ. ഡി. ക്ലാർക്കും ഇപ്പോൾ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസം വഴി സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ.ബിജു.കെ.യെ യു. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-07-2011 മുതൽ പ്രാബല്യത്തിൽ 13210-22360/- രൂപ ശമ്പളസ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നു. യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ എൽ.ഡി.ക്ലാർക്കിന്റെ തസ്തികകൾ യു.ഡി.ക്ലാർക്കിന്റെതാക്കി അപ്ഗ്രേഡ് ചെയ്തിരിക്കുന്നു. മേൽ പ്രൊമോഷൻ വഴി ഉണ്ടാകുന്ന എൽ.ഡി.ക്ലാർക്കുമാരുടെ ഒഴിവ് മേൽ ഒന്നാം സൂചന പ്രകാരം 31-3-2011 ലെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചത് വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ജി.ഓ.(പി) നമ്പർ 85/11/ഫിൻ തീയതി 26-02-2011 പാരാ 41 പ്രകാരമുള്ള ഓപ്ഷൻ ഒരു മാസത്തിനകം നൽകേണ്ടതാണ്.

ഒപ്പ്
ബി.ഗിൽബർട്ട്,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

പകർപ്പ്:- 1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) മലപ്പുറം/ഇടുക്കി/ ആലപ്പുഴ/കാസർകോട്/കണ്ണൂർ/തൃശ്ശൂർ/കോഴിക്കോട്
3. സി.എ. റ്റു ഡയറക്ടർ 4. ജോയിന്റ് ഡയറക്ടർ I, II
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. അക്കൗണ്ട്സ് ഓഫീസർ
7. അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് 8. എ1 സീറ്റ്
9. ഡി സെക്ഷൻ 10 ഫയൽ/കരുതൽ ഫയൽ

ആർ.